KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.83/PR/PIC/PHQ/18 Date : 08.04.2018

## ഹർത്താൽ: അതിക്രമം തടയാൻ കർശന നിർദ്ദേശം

ചില സംഘടനകൾ നാളെ (09-04-2018) പ്രഖ്യാപിച്ചിരിക്കുന്ന ഹർത്താലിൽ നിയമവാഴ്ചയും സമാധാനഅന്തരീക്ഷവും പാലിക്കുന്നതിനും അതിക്രമവും പൊതുമുതൽ നശീകരണവും തടയുന്നതിനും പൊതുജനങ്ങളും ഹർത്താൽ അനുകൂലികളും സഹകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അഭ്യർത്ഥിച്ചു. വാഹന ഗതാഗതം തടസ്സപ്പെടുത്തുകയോ തടയുകയോ അക്രമങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കും. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആവശ്യമെങ്കിൽ സുരക്ഷ ഉറപ്പാക്കും. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് രാത്രി മുതൽ പട്രോളിങ്, ആവശ്യമായ സ്ഥലങ്ങളിൽ പിക്കറ്റിങ് എന്നിവ ഏർപ്പാടാക്കും. ഏതു സാഹചര്യവും നേരിടുവാൻ കൂടുതൽ പോലീസ് സേനയെ സംസ്ഥാനം ഒട്ടാകെ വിന്യസിച്ചിട്ടുണ്ട്. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ഇന്റലിജൻസ് ഉൾപ്പെടെ പോലീസിന്റെ എല്ലാ വിഭാഗങ്ങളും രംഗത്തിറങ്ങണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. നാളത്തെ ഹർത്താലിൽ സമാധാനം ഉറപ്പുവരുത്തുവാൻ സംസ്ഥാനത്ത് പോലീസ് സുസജ്ജമാണ്.

The contents of this document may be deemed to be based on received information which is subject to further verification